(ബി) സെന്ററിൽ നടത്തിയ നിയമനങ്ങൾക്ക് കൃത്യമായ പ്രായപരിധി ഗവേണിംഗ് ബോഡി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ സ്ഥിരനിയമനം ലഭിക്കുന്നതിനുമുമ്പ് സെന്ററിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് ആ കാലാവധിയും പ്രായപരിധിയിൽ ഇളവു നൽകാമെന്ന് തീരുമാനമുണ്ട്. ഈ വ്യവസ്ഥ പ്രകാരമുള്ള പ്രായപരിധിയിൽപ്പെട്ട വരെ മാത്രമേ വെൽഫെയർ സൂപ്പർവൈസർ, റിപ്രോഗ്രാഫിക് അസിസ്റ്റന്റ്, ബൈൻഡർ എന്നീ തസ്തികകളിൽ നിയമിച്ചിട്ടുള്ളൂ.

(സി) 1993-ൽ സെന്ററിൽ റിസോ ഓപ്പറേറ്റർ തസ്തികയിൽ നിയമനം നടത്തിയിട്ടില്ല.

(ഡി) സെന്ററിലെ ജീവനക്കാരുടെ പ്രൊമോഷൻ പോളിസി ഇതുവരെ രൂപീകരിച്ചിട്ടില്ല. എന്നാൽ അർഹതപ്പെട്ടവരെ ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടുകൂടി പ്രൊമോഷൻ നൽകിയിട്ടുണ്ട്. ഇവരുടെ പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു. †

(ഇ) സെന്ററിൽ ഇപ്പോൾ ആകെ 828 ജീവനക്കാരുണ്ട്. ഇവരെ സ്ഥിരപ്പെടുത്തിയ വർഷം, തസ്തിക തിരിച്ച് പേരുൾപ്പെടെയുള്ള ലിസ്റ്റ് അനുബന്ധം ആയി ചേർത്തിരിക്കുന്നു. †

ഹയർസെക്കണ്ടറി പരീക്ഷയ്ക്കായി പ്രത്യേക പരീക്ഷാബോർഡ്

117 [5097] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പരീക്ഷ നടത്തിപ്പിനായി ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ അധീനതയിൽ പ്രത്യേക സംവിധാനം നിലവിലുണ്ടോ;

(ബി) ഇപ്പോൾ ഹയർ സെക്കണ്ടറി പരീക്ഷകളുടെ നടത്തിപ്പും അനുബന്ധ ചുമതലകളും ആർക്കാണ് നൽകിയിട്ടുള്ളത്;

(സി) ഹയർ സെക്കണ്ടറി ക്ലാസ്സുകളിലെ പരീക്ഷയ്ക്കായി ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ കീഴിൽ പ്രത്യേക പരീക്ഷാ ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹയർ സെക്കണ്ടറി പരീക്ഷാ നടത്തിപ്പും അനുബന്ധ ചുമതലകളും ഹയർ സെക്കണ്ടറി പരീക്ഷാ ബോർഡ് സെക്രട്ടറി കൂടിയായ പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടർക്കാണ് നൽകിയിട്ടുള്ളത്.

(സി) ഇപ്പോൾതന്നെ ബോർഡ് നിലവിലുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly